വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2023
ജൂലൈ 23


കൈത്താ രണ്ടാം ഞായർ



# തിരിഞ്ഞുകൊത്തുന്ന വാക്കുകൾ

ഏശ 4:2-6, 2 കോറി 3:4-12, ലൂക്ക 15:11-32

ധൂർത്തനായ പിതാവിനെക്കുറിച്ചാണോ, അതോ ധാരാളിത്തം കാണിച്ച് എല്ലാം നഷ്ടപ്പെടുത്തിയ കുപ്രസിദ്ധനായ പുത്രനെക്കുറിച്ചാണോ എഴുതേണ്ടതെന്ന് ആലോചിക്കുന്നതിനിടയിലാണ് ഒന്ന് രണ്ട് സണ്ടേ സ്കൂൾ ചിത്രങ്ങൾ ഓർമ്മയിൽ തെളിഞ്ഞത്. വിശ്വാസ പരിശീലനമെന്ന പേരിൽ വിശ്വാസം നഷ്ടപ്പെടുത്തിയേക്കാവുന്ന ചില സമീപന രീതികൾ.

രംഗം ഒന്ന് - വിശുദ്ധ കുർബാന കഴിഞ്ഞ് കുട്ടികൾ വേദപാഠ ക്ലാസിലേയ്ക്ക് പോകുന്നതിനു മുൻപുള്ള സമയത്ത് അടുത്തയിടെ വൈദികനായി അഭിഷിക്തനായ കൊച്ചച്ചന്റെ 'പ്രകടന' സമയമാണ്. കുർബാനയ്ക്കു മുൻപ് പതിനഞ്ച് മിനിറ്റ് നേരത്തെ തുടങ്ങുന്ന പ്രാർത്ഥനയ്ക്ക് മുൻപേയെത്താത്തവരുടെ മൂക്ക് ചെത്തുമെന്ന ഭീഷണി തലേ ആഴ്ച തന്നെ നടത്തിയിരുന്നു. സമയത്തെത്താത്തവരെ എണീല്പിച്ചു നിറുത്തുക, അടുത്ത ഘട്ടത്തിൽ മുൻപിൽ എല്ലാവർക്കും അഭിമുഖമായി നിറുത്തുക, മലയാളത്തിലല്ലേ ചോദിച്ചത്, മറുപടിയെന്തേ പറയാത്തത് എന്നിങ്ങനെ മറ്റുള്ളവരുടെ മുമ്പിൽ പരിഹാസ പാത്രമാക്കാനുള്ള നിരവധി കാര്യങ്ങൾ. കൃത്രിമ ചിരിയോടെ തലകുനിച്ചും, തലകുനിയ്ക്കാതെയും അവിടെ നിന്നിരുന്ന കുട്ടികളുടെയും, വേദപാഠ ക്ലാസ്സു കഴിഞ്ഞ് കുട്ടികളെ കൂട്ടിക്കൊണ്ടു പോകാൻ പള്ളിയിലും പുറത്തുമായി തങ്ങിയിരുന്ന മാതാപിതാക്കളുടെയും മനസ്സുകളിൽക്കൂടി കടന്നുപോയ വിചാര വികാരങ്ങളെന്തൊക്കെയായിരിക്കും എന്ന് സങ്കൽപ്പിക്കാവുന്നതാണ്. പള്ളിയിലെ പ്രധാനപ്പെട്ടൊരു സഹായിയുടെ മകനും അക്കൂട്ടത്തിലുണ്ടായിരുന്നു. സന്യാസിനിയായ ഒരദ്ധ്യാപിക മറ്റൊരാളോട് പറയുന്നത് കേട്ടു, 'അദ്ദേഹമിതെങ്ങനെ സഹിക്കും'. പ്രൊഫഷണൽ




ഡോ. ചാക്കോച്ചൻ ജെ. ഞാവള്ളിൽ

പശ്ചാത്തലമുള്ള ഒരമ്മയുടെ വാക്കുകളിതായിരുന്നു, 'ഇത്ര നാളത്തെ പരിശീലനമൊക്കെ കഴിഞ്ഞിട്ട്, ഇത്ര പക്വതയില്ലാതെ പെരുമാറാനാവുന്നതെങ്ങിനെയാണ്?'.

## മറ്റൊരു സംഭവമിങ്ങനെയാണ്

നിർമ്മാണ പ്രവർത്തനങ്ങളിൽ വിദഗ്ധനായ ആ വൈദികനെ ഇടവകയിലേയ്ക്ക് നിയോഗിച്ചപ്പോൾത്തന്നെ എല്ലാവർക്കും തീർച്ചയായിരുന്നു എന്താണ് സംഭവിക്കാൻ പോകുന്നതെന്ന്. ആദ്യത്തെ ഒരു വർഷം തികച്ചും ശാന്തമായിരുന്നു. തന്ത്രപരമായ പ്രവർത്തനങ്ങൾക്കുള്ള നിലമൊരുക്കലും കാത്തിരിപ്പും എന്നു വേണമെങ്കിലും പറയാം. പുതിയ വികാരി എല്ലാ വീടുകളിലും, ഏതൊക്കെ വീടുകളിൽ നിന്ന് ആരൊക്കെ വിദേശത്ത്, എവിടെയൊക്കെ തുടങ്ങിയ വിവരങ്ങളൊക്കെ പോലും ശേഖരിക്കാനാവുന്ന വിധത്തിൽ സന്ദർശനം നടത്തി. എല്ലാവരുടെയും സാഹചര്യങ്ങളും, സാധ്യതകളും, വിശദമായി മനസ്സിലാക്കി. നിർമ്മാണ പരിപാടിയുടെ ആശയം തുടർന്ന് അവതരിപ്പിക്കപ്പെട്ടു. ഓരോ കൂട്ടായ്മകളിലും നിന്നുള്ള അഭിപ്രായ ശേഖരണമായിരുന്നു അടുത്ത ഘട്ടം. എല്ലാവരും അഭിപ്രായം പറയണം എന്ന് നിർബന്ധം. പക്ഷേ ഉത്തരത്തിനുള്ള ഒരു ഓപ്ഷൻ മാത്രമേ ചോദ്യത്തിനുണ്ടായിരുന്നുള്ളൂ. നല്ല ആശ യം, സൂപ്പർ എന്ന അർത്ഥമുള്ള ഏത് മറുപടിയും സ്വീകാര്യം.

പല തവണ 'പറയൂ' എന്ന് നിർബന്ധിക്കപ്പെട്ടപ്പോളാണ് അയാൾ എണീറ്റു നിന്നത്. നിർമ്മാണ പ്രവൃത്തി അനാവശ്യമാണെന്നൊ ന്നും അയാൾ പറഞ്ഞില്ല. 'പണി തീരെ, തീരെ, പണിക്കാർ അകലെ അകലെ' എന്നൊരു പഴഞ്ചൊല്ലും; പണി തീരുന്നതു വരെ ഇടവകക്കാർ അത്യാവശ്യമുള്ളവരും, അതിനു ശേഷമവർ ശല്യക്കാരും ആകാറുമുണ്ടെന്ന് പഴയ ചില അനുഭവങ്ങൾ ഓർമിച്ചുകൊണ്ടു പറഞ്ഞു. ഇതു പോലെ ഇടവകക്കാർ പണിത ഒരു സ്കൂളിൽ അധ്യാപികയായി ജോലി കിട്ടിയ ഒരു സഹപ്രവർത്തകന്റെ ഭാര്യ കൊടുക്കേണ്ടി വന്ന തുക, അവിടെ നിന്ന് രാജിവച്ച് മറ്റൊരിട ത്തേയ്ക്ക് പോയപ്പോൾ തിരിച്ചു കൊടുക്കുക പോലും ചെയ്യാതിരുന്ന സാഹചര്യത്തെക്കുറിച്ചും പറഞ്ഞു. 'പാലം കടക്കുവോളം ...' എന്ന അനുഭവം ഇവിടെയുമുണ്ടാകില്ലേ എന്ന ഭയവും പങ്കുവെച്ചു. ആകർഷകമായ പ്രസംഗമൊന്നുമായിരുന്നില്ലെങ്കിലും പറഞ്ഞതിലെ സത്യസന്ധത കൊണ്ടാവണം കേൾവിക്കാരിൽ ചിലർ കയ്യടിച്ചു. മങ്ങിയ മുഖത്തോടെ വികാരിയച്ചനും സംഘവും, പാരിഷ് കൗൺസിൽ അംഗങ്ങളും മടങ്ങിപ്പോയി.

പ്രത്യാഘാതമുണ്ടായത് പിന്നീടുള്ള ഞായറാഴ്ചകളിലായിരുന്നു. അഭിപ്രായം പറഞ്ഞ വ്യക്തിയുടെ ഹൈസ്കൂൾ പ്രായത്തിലുള്ള മകൾക്കും, മകനും പിന്നീടുള്ള ഏതാണ്ടെല്ലാ ദിവസങ്ങളിലും പള്ളിയിൽ 'പ്രത്യേക പരിഗണന' കിട്ടി. വൈദികന്റെ മൂഡ് മനസ്സി ലാക്കിയ സന്യാസിനികളിൽ ചിലരും 'പ്രത്യേക' പരിഗണന നൽകി ത്തുടങ്ങി.

കൗമാരമൊക്കെ പിന്നിട്ട് യുവത്വത്തിലെത്തിയ, നിവർന്ന് നിൽക്കാൻ 'തന്റേടം' നേടിയ ആ രണ്ടു പേരെയുമിനി എങ്ങനെ പള്ളിയിലൊന്ന് കയറ്റുമെന്ന ആകുലതകളാണ് മാതാപിതാക്കളെ ഇപ്പോൾ ഭരിക്കുന്നത്.

## മനസ്സുകൾക്ക് മുറിവേല്ക്കുമ്പോൾ –

കത്തോലിക്കാ സഭയിലെ സന്യാസിനികളുടെ ആത്മസമർപ്പണവും, ത്യാഗവും, ധീരോജ്ജ്വലമായ നന്മ പ്രവൃത്തികളും ഒരു സംശയവും കൂടാതെ അഭിനന്ദിക്കപ്പെടേണ്ടതാണ്. ബഹുഭൂരിപക്ഷം വരുന്ന പുരുഷൻമാർക്കും, ആൺകുട്ടികൾക്കും സന്യാസിനികളെക്കുറിച്ച് നല്ലതേ പറയാനുള്ളൂ. പക്ഷേ പെൺകുട്ടികളുടെയും, സ്ത്രീകളുടെയും ഇടയിൽ ഇത്തരത്തിലൊരന്വേഷണം നടത്തിയാൽ നല്ലത് പറയുന്നവരുടെ ശതമാനത്തിൽ ഇടിവുണ്ടാകും. സന്യാസിനികളുടെ നേഴ്സിങ് സ്ഥാപനത്തിൽ പഠിച്ചവരോ, അവരുടെ ഹോസ്റ്റലുകളിൽ താമസിച്ചവരോ ആണെങ്കിൽ നെഗറ്റീവ് റേറ്റിംഗ് കൂടാനാണിട. സന്യാസ ദൈവവിളികൾ പെൺകുട്ടികളുടെ ഇടയിൽ വല്ലാതെ കുറയുന്നതിന്റെ പിന്നിലെ പ്രധാന കാരണങ്ങളിലൊന്നിവിടെയുണ്ട്. അച്ചടക്കത്തെക്കുറിച്ചുള്ള തെറ്റായ സങ്കല്പങ്ങളും, മാറിയ കാലത്തിന്റെ രീതികളും സാഹചര്യങ്ങളും മനസ്സിലാക്കാതെയുള്ള സ്ഥാപനനടത്തിപ്പിന്റെ, ഹോസ്റ്റൽ നടത്തിപ്പിന്റെ ബദ്ധപ്പാടുകൾക്കിടയിൽ മാനുഷികത നഷ്ടപ്പെടുന്നു, മനസ്സുകളെ മനസ്സിലാക്കാനാവാതെ പോകുന്നു എന്നതാണ് ദാരുണമായ യാഥാർത്ഥ്യം. തിരുത്തലുകളോ, നിയന്ത്രണങ്ങളോ ആവശ്യമില്ലാത്ത എല്ലാം തികഞ്ഞ തലമുറയാണിപ്പോഴുള്ളതെന്ന അഭിപ്രായമൊന്നും ഈ ലേഖകനില്ല. നിലപാടുകളിൽ വിട്ടുവീഴ്ചകളില്ലാതിരിക്കുമ്പോഴും, മനസ്സുകളെ മുറിപ്പെടുത്താതെ അതെങ്ങനെ നടപ്പിലാക്കാനാവും എന്നാണ് കണ്ടെത്തേണ്ടിയിരിക്കുന്നത്.

ധൂർത്തനായ പിതാവിന്റെ കരുണയുടെ ആധിക്യത്തെക്കുറിച്ചൊക്കെ ഇന്നുവരെയും ആരും കേട്ടിട്ടില്ലാത്ത ആശയങ്ങളൊക്കെ കണ്ടെത്തി ആവേശത്തോടെ അവതരിപ്പിക്കാൻ ഒരുങ്ങുന്നതിനു മുൻപ്, എനിക്കെങ്ങിനെ കുറച്ചുകൂടി കരുണയോടെ ഇടപെടാനാവും, എന്റെ വാക്കുകൾ മുറിപ്പെടുത്തുന്ന രീതിയിലാകാതിരിക്കാൻ എന്ത്

ചെയ്യാനാവും എന്നൊരമ്പേഷണം തീർച്ചയായും നല്ലതാണ്.


ഞാനീ വാക്കുകളെഴുതുമ്പോൾ അതെന്നെ വല്ലാതെ തിരിഞ്ഞു കൊത്തുന്നു എന്ന് ഞാനറിയുന്നു. ആവശ്യത്തിൽ കൂടുതൽ നിയമങ്ങളും നിയന്ത്രണങ്ങളും കരുണയില്ലാതെ അടിച്ചേൽപ്പിക്കാൻ ശ്രമിച്ച മുതിർന്നവരിൽ ഒരാൾ ഞാൻ തന്നെയാണല്ലോ.

ധൂർത്ത പുത്രന്റെ ഉപമയിലെ പിതാവിന്റെ സ്നേഹത്തിന്റെ, കരുണയുടെ, ക്ഷമയുടെ, കാത്തിരിപ്പിന്റെ മനോഹാരിതയെക്കുറിച്ച് വാചാലരാകുന്നതിനു മുൻപ് ഈ പറഞ്ഞതൊക്കെ കുറച്ചെങ്കിലും നമുക്കൊന്ന് പ്രാക്ടീസ് ചെയ്യാൻ ശ്രമിക്കാം.

## ഒരു കുടുംബത്തിന്റെ കഥ കൂടി

ഈ ദിവസങ്ങളിൽ കണ്ടുമുട്ടിയ ഒരു കുടുംബത്തിന്റെ കഥ കൂടി പറയാം. എല്ലാം മറന്ന്, ക്ഷമിച്ച് സ്വീകരിക്കാൻ ശ്രമിക്കുന്ന പിതാവിനെ ആ ഭർത്താവും, അതൊക്കെ അസാദ്ധ്യമെന്ന വിചാരത്തിൽ സങ്കടങ്ങളുടെ തീച്ചൂളയിൽ ഉരുകുന്ന ആ ഭാര്യ, മൂത്തപുത്രനെയുമാണ് ഓർമ്മപ്പെടുത്തിയത്.

ഭർത്താവും, ഭാര്യയും സർക്കാർ ശമ്പളം കിട്ടുന്ന ജോലിക്കാർ. ഭർത്താവിന്റെ സുഹാദരങ്ങളായ കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് തുടങ്ങിയ ബിസിനസ്സിന്റെ ഭീമമായ പരാജയത്തിന്റെ സാമ്പത്തിക ഭാരം മുഴുവൻ താങ്ങേണ്ടി വന്നതിവർ. ബാങ്ക് ജപ്തി വരെയുള്ള സാഹചര്യങ്ങൾ പല തവണയുണ്ടായി. താഴാവുന്നതിന്റെ പരമാവധി താഴ്ന്ന്, പലരുടെയും പരിഹാസവും അവഹേളനവും സഹിച്ച് പല തവണ കടം വാങ്ങിയും മറ്റുമാണ് രണ്ടു പേരും കൂടി



കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിലൊന്നും തകരാതെ തീക്ഷ്ണമായ വിശ്വാസത്തിന്റെ അടിത്തറയിൽ ഊന്നി നില്ക്കുകയാണ് ഭർത്താവ്. ഏറ്റവും വേണ്ടപ്പെട്ടവർ പലവിധത്തിൽ ഉപദ്രവിച്ചിട്ടും, അപഖ്യാതി പറഞ്ഞിട്ടും പരാതിയില്ലാതെ, കുറ്റം പറയാതെ ദൈവത്തിലാശ്രയിക്കുകയാണാ മനുഷ്യൻ.

ഭാര്യയും ഉരുകുകയാണ്. അതികഠിനമായ സഹനങ്ങൾ ശാരീരിക പ്രശ്നങ്ങൾ പോലുമുണ്ടാക്കിയിരിക്കുന്നു. ഉപദ്രവിച്ചവരോടും അപമാനിച്ചവരോടും എങ്ങനെ ക്ഷമിക്കാനാവും എന്നതാണ് ചോദ്യം.

മക്കളൊക്കെ ദൈവാനുഗ്രഹത്താൽ വിശ്വാസ ജീവിതത്തിൽ ആഴപ്പെട്ടവരും, കാലഘട്ടം വച്ചു നീട്ടുന്ന പ്രലോഭനങ്ങൾക്കു പിന്നാലെ പോകാത്തവരുമാണെന്നതാണ് ഏറ്റവും ആശ്വാസകരമായ വസ്തുത. ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങളിൽ നിന്ന് വിവിധ സാഹചര്യങ്ങളിലൂടെ അസാധാരണമായ വിധത്തിൽ ആശ്വാസം ലഭിക്കുന്നു എന്നതാണ് ദൈവിക ഇടപെടലിന്റെ തെളിവ്.

രൂക്ഷമായി കുറ്റപ്പെടുത്തപ്പെടുമ്പോഴും ദൈവവചനത്തിന്റെ ശക്തിയിലും, വിശുദ്ധ കുർബാനയുടെ ആശ്വാസത്തിലും സമാധാനം കണ്ടെത്തുകയാണാ മനുഷ്യൻ. പകയുടെ അഗ്നിയിൽ എരിയുന്ന ഹൃദയത്തെ അൾത്താരയിൽ സമർപ്പിച്ച് അതിനെ അനുഗ്രഹമാക്കാൻ കഴിഞ്ഞാൽ അത്ഭുതങ്ങളുടെ പെരുമഴ അനുഭവിക്കാനാവും എന്ന ബോദ്ധ്യമാണാ മനുഷ്യനെ മുന്നോട്ട് നയിക്കുന്നത്. വിശദാംശങ്ങൾ കേട്ടിരിക്കെ, ധൂർത്തനായ പിതാവിന്റെ കാരുണ്യത്തോടും, കരുതലോടുമൊപ്പമെത്തുന്ന ആ മനുഷ്യന്റെ രീതികൾ വലിയ ബഹുമാനം വളർത്തി. അനവധിയായ മുറിവുകളുടെ നീറ്റലിൽ ഓരോ നിമിഷവും പിടയുന്ന ആ സഹോദരിയുടെ ഹൃദയത്തിലേയ്ക്ക് കരുതലുള്ള പിതാവിന്റെ കരുണയുള്ള സ്നേഹം കനിഞ്ഞിറങ്ങാൻ പ്രാർത്ഥിക്കാൻ മറക്കരുതെന്നു തോന്നി.

## ഗ്രാൻഡ് പാരന്റ്സ് ഡേ

മുത്തച്ഛനും, മുത്തശ്ശിയും അനേകരുടെ ജീവിതത്തിലെ സന്തോഷകരമായ അനുഭവങ്ങളാണ്. സ്നേഹവും കരുതലും പേരക്കുട്ടികൾക്കായി ധൂർത്തടിക്കുന്ന പ്രായമാണവരുടേത്. അഥവാ, അങ്ങനെ ആയിരിക്കണം. പ്രാർത്ഥനയിലൂടെയും, പ്രോത്സാഹനവും സ്നേഹവുമുള്ള വാക്കുകളിലൂടെയും എരിയുന്ന ഹൃദയങ്ങളിൽ ആശ്വാസം പകരാൻ കൂടി കഴിയുന്നവരാകട്ടെ ഗ്രാൻഡ് പേരന്റ്സ് എന്ന് അവരുടെയീ ദിനത്തിൽ പ്രത്യാശിക്കാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com